# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1250** **02.03.2017-ൽ മറുപടിക്ക്**

## ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എൻ.ഷംസീർ | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടി വിശദീകരിക്കുമോ ; | എ) 1. ഉച്ചഭക്ഷണ പദ്ധതിയിലെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പിലെ സ്കൂൾ തലം മുതൽ റവന്യൂ ജില്ലാ തലം വരെയുള്ള ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട കമ്മറ്റികൾക്കും 27.05.2016 ലെ എൻ.എം.1-33972/2016/ ഡി.പി.ഐ എന്ന സർക്കുലർ മുഖാന്തിരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്.<br><br>2. കൂടാതെ സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ കഴിയുന്നതും അതാത് സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന വിഷരഹിത പച്ചക്കറികളും മറ്റ് കാർഷികോത്പന്നങ്ങളും ഉപയോഗിക്കുവാനും സ്ഥലസൗകര്യമുള്ള സ്കൂളുകളിൽ പി.ടി.എ കളുടേയും വിദ്യാർത്ഥികളുടേയും സഹായത്തോടെ പച്ചക്കറിത്തോട്ടം നിർമ്മിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ 12-9-2016 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എം.ബി (1)/81103/2016/ ഡി.പി.ഐ എന്ന സർക്കുലർ പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, പ്രഥമാദ്ധ്യാപകർക്കും നിർദ്ദേശംനൽകിയിട്ടുണ്ട്.<br><br>3.സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഉച്ചഭക്ഷണം പാചകം |

ചെയ്യുന്നതിന് വിറകിന് പകരം എൽ.പി.ജി ഉപയോഗിക്കുന്നതിന് ആവശ്യമായനടപടികൾ കൈക്കൊണ്ടിട്ടുണ്ട്.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ സ്കൂളുകളിൽ എൽ.പി.ജി കണക്ഷൻ എടുക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരോട് 14-11-2016 ലെ എൻ.എം.എ(3)/66270/2016/ഡി.പി.ഐ. എന്ന സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

4. പാചക സാമഗ്രികളുടെ ദിനം പ്രതിയുള്ള വിലവർധനവ് കണക്കിലെടുത്ത് ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് കുട്ടികൾ കുറവുള്ള സ്കൂളുകൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന്പാചക ചിലവ് (Contingent charge) താഴെ പറയും പ്രകാരം വർദ്ധിപ്പിച്ചുകൊണ്ട് 5-9-2016 ലെ ജി.ഒ (ആർ.ടി) നം.2911/2016/പൊ.വി.വ പ്രകാരം സർക്കാർ ഉത്തര വ് പുറപ്പെടുവിച്ചിട്ടുണ്ട്.

| കുട്ടികളുടെ എണ്ണം | കണ്ടിജൻറ് ചാർജ്ജ് (കുട്ടിയൊന്നിന്) |
|---|---|
| ആദ്യത്തെ 150 കുട്ടികൾക്ക് | 8/- രൂപ |
| 151മുതൽ500വരെയുള്ളകുട്ടികൾക്ക് | 7/- രൂപ |
| 500ന്മുകളിൽവരുന്നകുട്ടികൾക്ക് | 6 /രൂപ |

**പാചകകൂലി കാലാനുസൃതമായി പരിഷ്കരിക്കണമെന്ന സ്കൂൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന തൊഴിലാളി കളുടെ നിരന്തരമായ അഭ്യർത്ഥന കണക്കിലെടുത്ത് പാചകകൂലിയും മേൽ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.** ഇതിൻ പ്രകാരം 150 **കുട്ടികൾ വരെയുള്ള സ്കൂളുകളിൽ** പാചക തൊഴിലാളികളുടെ കുറഞ്ഞ ദിവസവേതനം 400/- രൂപയായി വർദ്ധിപ്പിച്ച് പ്രത്യേകം **നൽകുവാനും 150 ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ എന്ന തോതിൽ അധികം കണക്കാക്കി പരമാവധി ദിവസ വേതനം 475/- രൂപ നൽകുവാനും സർക്കാർ ഉത്തരവ് നൽ കിയി ട്ടുണ്ട്"**

ബി) ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ അരി, പലവ്യഞ്ജനങ്ങൾ എന്നിവ സൂക്ഷിക്കുന്ന സ്കൂൾ മുറികൾ വൃത്തിയായി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

ബി) ഇത് സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ 27-05-2016 ലെ എൻ.എം.1-33972/2016/ഡി.പി.ഐ എന്ന സർക്കുലർ മുഖാന്തിരം സ്കൂൾ നൂൺഫീഡിംഗ് കമ്മറ്റികൾക്കും പ്രധാനാദ്ധ്യാപകർക്കും

ഡി.പി.ഐ നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1.പാചകപ്പുര, സ്റ്റോർ, പാചകപ്പുരയുടെ പരിസരം, പാത്രങ്ങൾ എന്നിവ പാചക തൊഴിലാളി വൃത്തിയായി സൂക്ഷിക്കുന്നു വെന്നും പാചക തൊഴിലാളി വ്യക്തി ശുചിത്വം പാലിക്കുന്നു വെന്നുംഉറപ്പുവരുത്തേണ്ടതാണ്.പാചകപുരയും പരിസരവും വൃത്തിയാക്കുന്നതിനുള്ള ചുമതല പൂർണ്ണമായും പാചക തൊഴിലാളികൾക്കായിരിക്കും.

2.പാചകപ്പുരയിലും, സ്റ്റോറിലും വെള്ളം കയറാതെയും, ക്ഷുദ്ര ജീവികൾ കടക്കാതെയും സൂക്ഷിക്കണം.

3.സ്റ്റോറിൽ ഉപയോഗ ശൂന്യമായ സാധനങ്ങളും പഴയ റിക്കോർഡുകളും സൂക്ഷിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

4.ഉച്ചഭക്ഷണത്തിനുള്ള ധാന്യങ്ങളോടൊപ്പം മറ്റ് ധാന്യങ്ങൾ(പ്രഭാതഭക്ഷണത്തിനുള്ളവ,സ്പെഷ്യൽ അരി തുടങ്ങിയവ) സൂക്ഷിക്കുവാൻ പാടില്ല.

സി) നാമ മാത്രമായ പാചകകൂലി, ഉച്ചക്കഞ്ഞി വിതരണത്തിന് തടസ്സമാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ പാചകകൂലി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

പാചക സാമഗ്രികളുടെ ദിനം പ്രതിയുള്ള വില വർധനവ് കണക്കിലെടുത്ത് ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് കുട്ടികൾകുറവുള്ള സ്കൂളുകൾ നേരിടുന്ന സാമ്പത്തികബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പാചകചിലവ്(Contingent charge) താഴെ പറ യും പ്രകാരംവർദ്ധിപ്പിച്ചുകൊണ്ട് 5.9.2016 ലെ ജി.ഒ(ആർ.ടി) നം. 2911/2016/ പൊ.വി.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

| <u>കുട്ടികളുടെ എണ്ണം</u> | <u>കണ്ടിജൻറ് ചാർജ്ജ്</u> (കുട്ടിയൊന്നിന്) |
|---|---|
| **ആദ്യത്തെ150കുട്ടികൾക്ക്** | **8/- രൂപ** |
| **151 മുതൽ 500വരെയുള്ള കുട്ടികൾക്ക്** | **7/- രൂപ** |
| **500ന് മുകളിൽ വരുന്ന കുട്ടികൾക്ക്** | **6/- രൂപ** |

പാചകകൂലി കാലാനുസൃതമായി പരി

ഷ്കരിക്കണമെന്ന സ്കൂൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന തൊഴിലാളികളുടെ നിരന്തരമായ അഭ്യർത്ഥന കണക്കിലെടുത്ത് പാചകകൂലിയും മേൽ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ പാചക തൊഴിലാളികളുടെ കുറഞ്ഞ ദിവസ വേതനം 400/- രൂപയായി വർദ്ധിപ്പിച്ച് പ്രത്യേകം നൽകുവാനും 150 ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ എന്ന തോതിൽ അധികം കണക്കാക്കി പരമാവധി ദിവസ വേതനം 475/- രൂപ നൽകുവാനും സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ